# കോപ്28-ന്റെ നിയുക്ത പ്രസിഡന്റ് ഡോ. സുൽത്താൻ അൽ ജാബറുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ജൂലൈ 15, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 ജൂലൈ 15-ന് അബുദാബിയിൽ വെച്ച് കോപ്28-ന്റെ നിയുക്ത പ്രസിഡന്റും അബുദാബി നാഷണൽ ഓയിൽ കമ്പനിയുടെ ഗ്രൂപ്പ് സി.ഇ.ഒ.-യുമായ ഡോ. സുൽത്താൻ അൽ ജാബറുമായി കൂടിക്കാഴ്ച നടത്തി.

2. യു.എ.ഇ.-യുടെ അദ്ധ്യക്ഷതയ്ക്ക് കീഴിലുള്ള യു.എൻ.എഫ്.സി.സി.സി.-യുടെ വരാനിരിക്കുന്ന കോപ്28-നെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ഈ സുപ്രധാന യോഗത്തോടുള്ള യുഎഇയുടെ സമീപനത്തെക്കുറിച്ച് ഡോ. ജാബർ പ്രധാനമന്ത്രിയെ വിശദീകരിച്ചു. കോപ്-28 അദ്ധ്യക്ഷതയ്ക്ക് ഇന്ത്യയുടെ പൂർണ പിന്തുണ, യു.എ.ഇ.-യെ പ്രധാനമന്ത്രി അറിയിച്ചു. ഇന്റർനാഷണൽ സോളാർ അലയൻസ്, കോളിഷൻ ഫോർ ഡിസാസ്റ്റർ റസിലിയന്റ് ഇൻഫ്രാസ്ട്രക്ചർ, ഇന്റർനാഷണൽ ഇയർ ഓഫ് മില്ലറ്റ്, മിഷൻ ലൈഫ് സ്റ്റൈൽ ഫോർ എൻവയോൺമെന്റ് (ലൈഫ്) തുടങ്ങിയ കാലാവസ്ഥാ വ്യതിയാനത്തെ അഭിമുഖീകരിക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങളും സംരംഭങ്ങളും പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

3. ഇന്ത്യയും യു.എ.ഇ.-യും തമ്മിലുള്ള ഊർജ സഹകരണവും ചർച്ചയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അബുദാബി**
**ജൂലൈ 15, 2023**